(ജി) ഗുണ നിലവാരം കുറഞ്ഞ ഭക്ഷ്യധാന്യങ്ങൾ പൊതു വിതരണ ശൃംഖല വഴി വിതരണം ചെയ്യുന്നില്ല. ഒരോ ആഴ്ചയും ജില്ലാ സപ്ലൈ ആഫീസറും, എഫ്. സി. ഐ.. ജില്ലാ മാനേജരും, എഫ്. സി. ഐ..യുടെ ക്വാളിറ്റി കൺട്രോളറും ചേർന്ന് സ്റ്റോക്ക് സംയുക്തമായി പരിശോധിച്ച് ഗുണമേൻമ ഉറപ്പു വരുത്തിയ ശേഷമാണ് വിതരണത്തിനുള്ള ഭക്ഷ്യധാന്യങ്ങളുടെ ഇനം നിശ്ചയിക്കുന്നത്. ഇപ്രകാരം നിശ്ചയിക്കുന്ന വെറൈറ്റിയിൽ എന്തെങ്കിലും മാറ്റം വരുത്തിയാൽ പ്രസ്തുത സ്റ്റോക്ക് എടുത്ത് വിതരണം ചെയ്യരുതെന്ന് താലൂക്ക് സപ്ലൈ ആഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ 2004-05 കാലയളവിൽ വാങ്ങിയ പഴംസസ് ആൻറ് സ്പൈസസ്

72 [2061] ശ്രീ. ടി. എം. ജേക്കബ്:
,, ആർ. ബാലകൃഷ്ണപിള്ള:
,, ജോണി നെല്ലൂർ:
,, ഷിബു ബേബിജോൺ:
,, കെ. ബി. ഗണേഷ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഒക്ടോബർ 1-ന് മുമ്പുള്ള 9 മാസങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഹെഡ് ഓഫീസ് ടെണ്ടറിലൂടെ എത്ര ലോഡ് പഴംസസ്, സ്പൈസസ് എന്നിവ വാങ്ങിയിരുന്നുവെന്നും അവയുടെ വിറ്റുവരവ് എത്രയായിരുന്നുവെന്നും ഏതൊക്കെ സപ്ലൈയർമാർ എത്ര ലോഡുകൾ വീതമായിരുന്നു സപ്ലൈ ചെയ്തതെന്നും വിശദമാക്കാമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം 2004 ഒക്ടോബർ ഒന്നു മുതൽ 2005 ജൂൺ 30 വരെയുള്ള ഒമ്പതു മാസങ്ങളിൽ ഹെഡ് ഓഫീസ് ടെണ്ടറിലൂടെ എത്ര ലോഡുകൾ വാങ്ങിയിരുന്നുവെന്നും ആ കാലയളവിൽ വിറ്റുവരവ് എത്രയായിരുന്നുവെന്നും ഏതൊക്കെ സപ്ലൈയർമാർ എത്ര ലോഡുകൾ വീതമായിരുന്നു സപ്ലൈ ചെയ്തത് എന്നും വിശദമാക്കാമോ;

(സി) ഈ കാലയളവിൽ പുതുതായി എത്ര ഇനങ്ങൾ വാങ്ങിക്കുന്നുണ്ട്; അവ ഏതൊക്കെ ഇനങ്ങളാണ്; 2005 ജൂൺ 30 വരെ പുതിയ ഇനങ്ങൾ മാത്രം എത്ര ലോഡുകൾ വാങ്ങിയിട്ടുണ്ടെന്നും 2005 ജൂൺ 30 വരെ ഇവയുടെ വിറ്റുവരവ് എത്രയെന്നും വിശദമാക്കാമോ;

(ഡി) 2004 ജനുവരി ഒന്നു മുതൽ 2005 മേയ് 31 വരെയുള്ള മാസങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഹെഡ് ഓഫീസ് വഴി നടത്തിയ ടെണ്ടർ പ്രകാരം ഏറ്റവും കൂടുതൽ ലോഡുകൾ സപ്ലൈ ചെയ്ത ഒന്നും രണ്ടും മൂന്നും സ്ഥാനക്കാരായ സപ്ലൈയർമാർ ആരൊക്കെയാണെന്നും ഈ കാലയളവിൽ എത്ര ലോഡുകൾ വീതം ഇവർ ഓരോരുത്തരും സപ്ലൈ ചെയ്തുവെന്നും വ്യക്തമാക്കാമോ;

(ഇ) 2004 ജനുവരി ഒന്നു മുതൽ 2005 ആഗസ്റ്റ് 31 വരെയുള്ള മാസങ്ങളിൽ കോർപ്പറേഷൻ ഹെഡ് ഓഫീസ് വഴി നടത്തിയ ടെണ്ടർ പ്രകാരം ഏറ്റവും കൂടുതൽ ലോഡുകൾ സപ്ലൈ ചെയ്ത ഒന്നും രണ്ടും

LIBRARY ARCHIVES Kerala Legislative Assembly

മൂന്നും സ്ഥാനക്കാരായ സപ്ലൈയർമാർ ആരൊക്കെയാണെന്നും ഇവർ ഓരോരുത്തരും എത്ര ലോഡുകൾ വീതം സപ്ലൈ ചെയ്തെന്നും വിശദമാക്കാമോ;

(എഫ്) കോർപ്പറേഷൻ ഹെഡ് ഓഫീസ് ടെണ്ടറിലൂടെ വാങ്ങിക്കൊണ്ടിരുന്ന പരംസസ് ഇനത്തിൽ ഏതിന്റെയെങ്കിലും പർച്ചേസ് ഇപ്പോൾ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് ഇനങ്ങളെന്നും എന്നു മുതൽ നിർത്തലാക്കിയെന്നും അതിനുള്ള കാരണവും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2004 ജനുവരി മുതൽ സെപ്റ്റംബർ വരെയുള്ള പർച്ചേസ് വിവരങ്ങൾ അനുബന്ധമായി (അനുബന്ധം—എ) † വയ്ക്കുന്നു. വിറ്റുവരവ് എത്രയെന്ന് ധനകാര്യ കണക്കെടുപ്പ് പൂർത്തിയായ ശേഷമേ അറിയുവാൻ സാധിക്കുകയുള്ളൂ.

(ബി) 2004 ഒക്ടോബർ 1 മുതൽ 2005 ജൂൺ 30 വരെയുള്ള പർച്ചേസ് വിവരങ്ങൾ അനുബന്ധമായി (അനുബന്ധം—ബി) ‡ വയ്ക്കുന്നു. വിറ്റുവരവ് എത്രയെന്ന് ധനകാര്യ കണക്കെടുപ്പ് പൂർത്തിയായ ശേഷമേ അറിയുവാൻ സാധിക്കുകയുള്ളൂ.

(സി) ഈ കാലയളവിൽ പുതുതായി ടെണ്ടറിൽ ഉൾപ്പെടുത്തിയ ഇനങ്ങൾ ഗ്രീൻ പീസ്, എഫ്. എസ്. പഞ്ചസാര, മസൂർ ദാൽ, ഉഴുന്ന് ബോൾ (തൊലി - കളയാത്തത്), കാബൂളി ഗ്രാം, പിരിയൻ മുളക്, അരി എന്നിവയാണ്. അവയുടെ വാങ്ങിയ വിവരങ്ങൾ അനുബന്ധമായി (അനുബന്ധം—സി) വയ്ക്കുന്നു. ‖ ഇവയുടെ വിറ്റുവരവ് തരംതിരിച്ച് ലഭ്യമല്ല.

(ഡി, ഇ) വിവരം അനുബന്ധമായി (അനുബന്ധം—ഡി) @ വയ്ക്കുന്നു. 2005 ആഗസ്റ്റ് 31 വരെയുള്ള വിവരങ്ങൾ ഇപ്പോൾ നൽകാൻ നിർവാഹമില്ല.

(എഫ്) ഉണ്ട്. ചെറുപയർ (ഇറക്കുമതി) 2005 ജനുവരി മാസം മുതലും പീസ് ദാൽ (ഇറക്കുമതി) 2005 ഫെബ്രുവരി മാസം മുതലും നിർത്തലാക്കി. ബംഗാൾ ഗ്രാം സ്പ്ലിറ്റും നിർത്തലാക്കി. ബംഗാൾ ഗ്രാം സ്പ്ലിറ്റിന്റെ പോഷകഗുണവും ബംഗാൾ ഗ്രാം ബിഗ്ഗിന്റെ പോഷകഗുണവും തമ്മിൽ കാര്യമായ അന്തരമില്ലാത്തതുകൊണ്ടും ബംഗാൾ ഗ്രാം സ്പ്ലിറ്റിന്റെ വിൽപ്പന ബിഗ്ഗിനെ അപേക്ഷിച്ച് താരതമ്യേന കുറവായിരുന്നതു കൊണ്ടും ആണ് ബംഗാൾ ഗ്രാം സ്പ്ലിറ്റ് നിർത്തലാക്കിയത്. ഇന്ത്യയിലെ കൃഷിക്കാർ ഉൽപ്പാദിപ്പിച്ച ഉൽപ്പന്നങ്ങൾ ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്ന് നേരിട്ട് ലഭ്യമാക്കാനുള്ള നടപടികളുടെ ഭാഗമായാണ് ഇറക്കുമതി ചെയ്യുന്ന ചെറുപയർ, പീസ് ദാൽ എന്നിവ നിർത്തലാക്കിയത്.

†, ‡, ‖, @ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly